## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ

1 (968) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി അദ്ധ്യാപകർക്ക് മാനേജ്മെന്റ് പരിശീലനം, തൽസ്ഥല പിന്തുണ സംവിധാനം, എസ്.എസ്.എൽ.സി. പരീക്ഷയിൽ പിന്നോക്കം നിൽക്കുന്ന സ്കൂളുകളെ "ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേക സാമ്പത്തിക സഹായവും പഠന സഹായികളും നൽകുക, തുടർമൂല്യനിർണ്ണയം ശക്തിപ്പെടുത്തുവാനായി അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പഠനനിലവാരം ഉയർത്തുന്നതിനായി ഡയറ്റ്, എസ്.എസ്.എ., ജില്ലാ പ്രോജക്ട് ഓഫീസർ, ഐ.റ്റി.@ സ്കൂൾ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ യോഗം ഓരോ ജില്ലയിലും വിളിച്ചുചേർത്ത് വ്യക്തമായ ആസൂത്രണം നടത്തിവരുന്നു. പിന്നോക്കം നിൽക്കുന്ന സ്കൂളുകൾ കണ്ടെത്തി പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നു. കൂടാതെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഡയറ്റ് ഫാക്കൽറ്റി എന്നിവർ പരമാവധി സ്കൂളുകൾ സന്ദർശിച്ച് അതാതിടത്തെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുന്നു.

### പൊതുവിദ്യാഭ്യാസ മേഖലയുടെ പുരോഗതി

2 (969) ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. റ്റി. എൻ. പ്രതാപൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം പദ്ധതികൾക്കാണ് തുടക്കമിട്ടിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) നിലവിലുള്ള വിദ്യാർത്ഥി അദ്ധ്യാപക അനുപാതത്തിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഗുണമേൻമയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് സംതൃപ്തരായ ഒരു അദ്ധ്യാപക സമൂഹം അവശ്യഘടകമാണെന്നതിന്റെ അടിസ്ഥാനത്തിലാണ് അദ്ധ്യാപക പാക്കേജ് നടപ്പിലാക്കിയത്. കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ രൂപീകരിച്ച് ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നുണ്ട്. ഇതനുസരിച്ച് 5 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം ഉറപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം സ്കൂളുകളിലെ മൊത്തം കുട്ടികളുടെ എണ്ണത്തെ അടിസ്ഥാനമാക്കി എൽ.പി. സ്കൂളുകളിൽ 1:30 ഉം യു.പി. സ്കൂളിൽ 1:35 ഉം അനുപാതമാണ് നിശ്ചയിച്ചിരിക്കുന്നത്. ക്ലാസ് ഡിവിഷനുകൾ അനുവദിക്കുന്നതിന് കെ.ഇ.ആർ. ചട്ടങ്ങൾ തന്നെയാണ് ബാധകം.

(സി & ഡി) 2010-11-ലെ സ്റ്റാഫ് ഫിക്സേഷന്റെ അടിസ്ഥാനത്തിലുള്ള തസ്തികകളാണ് 2011-12, 2012-13 വർഷങ്ങളിൽ നിലനിന്നിരുന്നത്. ആയതിനാൽ മരണം, രാജി, പ്രൊമോഷൻ, റിട്ടയർമെന്റ് എന്നിവമൂലം ഒഴിവുവന്ന തസ്തികകളിലെ നിയമനങ്ങൾ മാത്രമാണ് അംഗീകരിച്ചു നൽകിയത്.

സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് യു.ഐ.ഡി. നമ്പർ ഏർപ്പെടുത്തിക്കൊണ്ട്, അതിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വിദ്യാഭ്യാസ അവകാശ നിയമം

3 (970) ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. ആർ. സെൽവരാജ്:
ശ്രീ. ബെന്നി ബെഹനാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കാൻ നടപടികൾ എടുത്തിട്ടുണ്ടോ ;

(ബി) ഇതനുസരിച്ച് നിലവിലുള്ള സംവിധാനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത് ;

(സി) ഈ അദ്ധ്യയനവർഷം മുതൽ ഇത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly